✎ ടി.കെ ഉബൈദ്



# സൂറ – 34 / സബഅ്

**സൂക്തം: 24 – 27**

ചോദ്യങ്ങൾ കൊണ്ട് ഉത്തരം മുട്ടിക്കുകയല്ല; ഉത്തരത്തിലേക്ക് വാതിൽ തുറന്നു കൊടുക്കുകയാണ് പ്രബോധകന്റെ ദൗത്യം. എല്ലാവരും ആ വാതിലിലൂടെ കടന്നുവന്നുകൊള്ളണമെന്നില്ല. പ്രബോധകൻ എത്ര നല്ല രീതിയിൽ സംസാരിച്ചാലും ചിലർ രോഷാകുലരാവുകയും സംഘട്ടത്തിനു മുതിരുകയും ചെയ്തേക്കും. പ്രബോധനം വാക് പയറ്റും പിന്നെ വാൾപയറ്റുമായി മാറുന്നത് ഒരിക്കലും പ്രബോധകന്റെ ഭാഗത്തുനിന്നായിക്കൂടാ. പ്രവാചകന്റെ, കാലത്ത് ആ മാറ്റമുണ്ടായിട്ടുള്ളതെല്ലാം പ്രബോധിതരുടെ ഭാഗത്തുനിന്നാണ്. പ്രവാചകനും ശിഷ്യന്മാരും അതിനെ നേരിടാൻ നിർബന്ധിതരാവുകയായിരുന്നു.

قُلۡ مَن يَرۡزُقُكُم مِّنَ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ قُلِ ٱللَّهُۖ وَإِنَّآ أَوۡ
إِيَّاكُمۡ لَعَلَىٰ هُدًى أَوۡ فِي ضَلَٰلٖ مُّبِينٖ ٢٤

24. പ്രവാചകൻ അവരോടു ചോദിക്കുക: വിണ്ണിൽനിന്നും മണ്ണിൽനിന്നും നിങ്ങൾക്ക് ജീവിതോപാധികൾ അരുളുന്നതാരാകുന്നു? നീ പറയുക: 'അല്ലാഹു.' അപ്പോൾ ഞങ്ങളോ നിങ്ങളോ രണ്ടിലൊരു കക്ഷി തീർച്ചയായും സന്മാർഗസ്ഥരാകുന്നു. അല്ലെങ്കിൽ തെളിഞ്ഞ ദുർമാർഗത്തിലാകുന്നു.

قُل لَّا تُسۡـَٔلُونَ عَمَّآ أَجۡرَمۡنَا وَلَا نُسۡـَٔلُ عَمَّا تَعۡمَلُونَ
٢٥

25. അവരോട് പറയുക: ഞങ്ങൾ ചെയ്ത കുറ്റങ്ങളെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതല്ല. നിങ്ങളുടെ ചെയ്തികളെക്കുറിച്ച് ഞങ്ങളും ചോദിക്കപ്പെടുന്നതല്ല.

قُلۡ يَجۡمَعُ بَيۡنَنَا رَبُّنَا ثُمَّ يَفۡتَحُ بَيۡنَنَا بِٱلۡحَقِّ وَهُوَ ٱلۡفَتَّاحُ
ٱلۡعَلِيمُ ٢٦

26. പ്രവാചകൻ അവരെ ഓർമിപ്പിക്കുക: നമ്മുടെ വിധാതാവ് ഒരുനാൾ നമ്മെയെല്ലാവരെയും അവന്റെ മുമ്പിൽ ഒരുമിച്ചു കൂട്ടുന്നതാകുന്നു. എന്നിട്ടവൻ നമുക്കിടയിൽ സത്യം വിധിക്കും. എല്ലാം അറിയുന്ന അതിനിപുണനായ വിധികർത്താവത്രെ അവൻ.

قُلۡ أَرُونِيَ ٱلَّذِينَ أَلۡحَقۡتُم بِهِۦ شُرَكَآءَۖ كَلَّاۚ بَلۡ هُوَ ٱللَّهُ
ٱلۡعَزِيزُ ٱلۡحَكِيمُ ٢٧

27. പ്രവാചകൻ അവരോടു പറയൂ: അല്ലാഹുവിന്റെ പങ്കാളികളാക്കി ചേർത്തിട്ടുള്ള ദൈവങ്ങളെ എനിക്കൊന്നു കാണിച്ചുതരൂ. ഒരിക്കലും അവന്ന് ഒരു പങ്കാളിയും ഇല്ല. പ്രത്യുത പരമപ്രതാപിയായ അജയ്യനും യുക്തിജ്ഞനുമായ സാക്ഷാൽ ദൈവം അവൻ മാത്രമാകുന്നു.

**24-27**

قُلْ = നീ പറയുക (പ്രവാചകൻ അവരോടു ചോദിക്കുക)
مَن يَرْزُقُكُم = നിങ്ങളെ ആഹരിപ്പിക്കുന്നത് (നിങ്ങൾക്ക് ജീവിതോപാധികൾ അരുളുന്നത്) ആരാകുന്നു
مِّنَ السَّمَاوَاتِ وَالْأَرْضِ = വിണ്ണിൽനിന്നും മണ്ണിൽനിന്നും قُلِ اللَّهُ = നീ പറയുക: 'അല്ലാഹു' (എന്ന്)
وَإِنَّا أَوْ إِيَّاكُمْ = (അപ്പോൾ) ഞങ്ങളോ നിങ്ങളോ (രണ്ടിലൊരുകക്ഷി) لَعَلَىٰ هُدًى = തീർച്ചയായും സന്മാർഗസ്ഥരാകുന്നു
أَوْ فِي ضَلَالٍ مُّبِينٍ = അല്ലെങ്കിൽ തെളിഞ്ഞ ദുർമാർഗത്തിലാകുന്നു قُل = നീ (അവരോടു) പറയുക
لَّا تُسْأَلُونَ = നിങ്ങൾ ചോദിക്കപ്പെടുന്നതല്ല عَمَّا أَجْرَمْنَا = ഞങ്ങൾ ചെയ്ത കുറ്റങ്ങളെക്കുറിച്ച്
وَلَا نُسْأَلُ = ഞങ്ങളും ചോദിക്കപ്പെടുന്നതല്ല عَمَّا تَعْمَلُونَ = നിങ്ങൾ പ്രവർത്തിക്കുന്നതിനെ (ളുടെ ചെയ്തികളെ)ക്കുറിച്ച്
قُلْ = നീ പറയുക (പ്രവാചകൻ അവരെ ഓർമിപ്പിക്കുക)
يَجْمَعُ بَيْنَنَا رَبُّنَا = നമ്മുടെ വിധാതാവ് നമുക്കിടയിൽ (ഒരു നാൾ നമ്മളെയെല്ലാവരെയും അവന്റെ മുമ്പിൽ) ഒരുമിച്ചു കൂട്ടുന്നതാകുന്നു
ثُمَّ يَفْتَحُ بَيْنَنَا = എന്നിട്ടവൻ നമുക്കിടയിൽ വിധിക്കും بِالْحَقِّ = സത്യം, യാഥാർഥ്യം, നീതി وَهُوَ = അവനത്രെ
الْفَتَّاحُ = അതിനിപുണനായ വിധികർത്താവ് الْعَلِيمُ = എല്ലാം അറിയുന്നവനായ
قُلْ = നീ (പ്രവാചകൻ അവരോട്) പറയുക أَرُونِيَ = നിങ്ങൾ എക്ക് (ഒന്നു) കാണിച്ചുതരുവിൻ
الَّذِينَ أَلْحَقْتُم بِهِ شُرَكَاءَ = നിങ്ങൾ അവനോട് ചേർത്ത പങ്കാളികളെ (അല്ലാഹുവിന്റെ പങ്കാളികളാക്കി ചേർത്തിട്ടുള്ള ദൈവങ്ങളെ
كَلَّا = ഒരിക്കലും (അവന്ന് ഒരു പങ്കാളിയും) ഇല്ല بَلْ = പക്ഷേ, പ്രത്യുത
هُوَ اللَّهُ = സാക്ഷാൽ ദൈവം അവൻ മാത്രമാകുന്നു الْعَزِيزُ الْحَكِيمُ = (പരമ പ്രതാപിയായ) അജയ്യനും യുക്തിമാനുമായ

സൂക്താരംഭത്തിലുള്ള ചോദ്യത്തിനു സമാനമായ ചോദ്യങ്ങൾ ഖുർആൻ നിരവധി തവണ ഉന്നയിക്കുന്നുണ്ട്. 10:31-ൽ ഈ ചോദ്യം ഇതേ വാക്കുകളിൽ തന്നെ വന്നിരിക്കുന്നു. ഇത്തരം ചോദ്യങ്ങളുന്നയിക്കുന്നതിന്റെയും വിശദീകരിക്കുന്നതിന്റെയും താൽപര്യം നേരത്തെ വന്നിട്ടുള്ള സമാന സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* വ്യക്തമാക്കിയിരിക്കുന്നു. ഇവിടെ പ്രവാചകനോട് ഈ ചോദ്യമുന്നയിച്ച് വിശദീകരിക്കാനാവശ്യപ്പെടുന്നത് മുൻസൂക്തങ്ങൾ പ്രസ്താവിച്ച തത്വത്തിനുള്ള തെളിവും സ്ഥിരീകരണവുമായിട്ടാകുന്നു.

ആഹാരത്തിനും വിഭവത്തിനും അനുഗ്രഹത്തിനും رزق എന്നു പറയാറുണ്ടെങ്കിലും മനുഷ്യന്റെ എല്ലാ ജീവിതോപാധികളെയും ഉൾക്കൊള്ളുന്ന പദമാണത്. തങ്ങളുടെ ഭാഗധേയം നിശ്ചയിക്കാനും ആഗ്രഹാഭിലാഷങ്ങൾ സാധിച്ചു തരാനും അല്ലാഹുവിനെ കൂടാതെ വേറെയും അനേകം ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കുന്നവരോട് ചോദിച്ചു നോക്കുക: വാനലോകത്ത് സൂര്യചന്ദ്രന്മാരെ സ്ഥാപിച്ച് നിങ്ങളുടെ ജീവിതത്തിന്റെ ആവശ്യോപാധിയായ ചൂടും വെളിച്ചവും പ്രസരിപ്പിച്ചു തരുന്നതാരാണ്? കൃത്യമായ വ്യവസ്ഥയോടെ രാപ്പകലുകളുളവാക്കുന്നതാരാണ്? ഭൂമിയിലെങ്ങും ഉറവകളൊഴുക്കി നിങ്ങൾക്ക് ജലം ലഭ്യമാക്കിത്തരുന്നതാണ്? ഭൂമിയിൽ സസ്യങ്ങൾ മുളപ്പിച്ച് ധാന്യങ്ങളും പഴവർഗങ്ങളും വിളയിച്ചു തരുന്നതാരാണ്? പറയൂ, നിങ്ങൾ ആരാധിക്കുന്ന ഏതു ദൈവമാണ് അതൊക്കെ ചെയ്തുതരുന്നത്? ഇതൊക്കെ ചെയ്യുന്നത് തങ്ങളുടെ ആരാധനാ മൂർത്തികളാരുമല്ല; സാക്ഷാൽ സത്യദൈവമായ അല്ലാഹു മാത്രമാണെന്ന് അവർക്ക് നന്നായറിയാം. ചിലപ്പോഴൊക്കെ അവരതു സമ്മതിക്കുകയും ചെയ്യും. فَسَيَقُولُونَ اللَّهُ (തീർച്ചയായും അല്ലാഹുവാണെന്ന് അവർ പറയും -10:31). അതു തുറന്നുസമ്മതിക്കുന്നത് തങ്ങളുടെ വാദങ്ങളുടെ നിഷേധമാകുമെന്നു കാണുമ്പോൾ മൗനം പാലിക്കുകയും ചെയ്യും. അത്തരമൊരു സന്ദർഭമാണിത്. ഇപ്പറഞ്ഞതൊക്കെ ചെയ്യുന്നത് അല്ലാഹുവാണെന്ന് സമ്മതിക്കുന്നത്. അല്ലാഹുവല്ലാത്ത ആർക്കും വാനലോകത്തോ ഭൂലോകത്തോ ഒരണുമണിത്തൂക്കം അധികാരമില്ല, അവയുടെയൊന്നും സൃഷ്ടിയിലും പരിപാലനത്തിലും അവന്റെ പങ്കാളികളായും ആരുമില്ല, അവനെ സഹായിക്കുന്നവരുമില്ല. എന്ന ഖുർആന്റെ പ്രസ്താവന സത്യമാണെന്നു സ്ഥിരീകരിക്കുന്നതിനു തുല്യമാണ്. അതുകൊണ്ടാണ് പ്രവാചകനോട് തന്നെ ആ ഉത്തരം പറയാൻ കൽപിക്കുന്നത്. പ്രവാചകൻ അതു പറയുമ്പോൾ അവർക്കത് നിഷേധിക്കാനാവില്ല. സാങ്കൽപിക ദൈവങ്ങൾക്ക് പ്രപഞ്ച ഭരണത്തിന്റെ ഓരോ വകുപ്പുകൾ വീതിച്ചു കൊടുക്കുന്ന സമ്പ്രദായം അറബികളിൽ ഉണ്ടായിരുന്നില്ല. ഇന്ത്യ, ഗ്രീസ് തുടങ്ങിയ ഇതര ബഹുദൈവ സമൂഹങ്ങളിൽ മഴക്കൊരു ദൈവം, മഞ്ഞിനൊരു ദൈവം, കാർഷിക വിളകൾക്കൊരു ദൈവം അങ്ങനെ ഓരോന്നിനും പ്രത്യേക ദൈവമായിരുന്നു. ചിലർക്ക് ഇപ്പോഴും അതങ്ങനെയാണ്. ചിലർ ചൂടും വെളിച്ചവും തരുന്ന സൂര്യനെ ഒരു ദൈവമായി കരുതുന്നു. പാലും ചാണകവും തരുന്ന ഗോവ് ഒരു ദൈവമാണ്. എന്തിനേറെ കാമത്തിനും പ്രേമത്തിനും വരെ പ്രത്യേക ദേവന്മാരും ദേവിമാരുമുണ്ട്. ഇതൊക്കെയും യുക്തിയുടെയോ പ്രമാണങ്ങളുടെയോ യാതൊരു സാധൂകരണവുമില്ലാത്ത കേവലം അന്ധമായ സങ്കൽപങ്ങളാകുന്നു. ഒരു വൈജ്ഞാനിക ചർച്ചയിലും അതിനു യാതൊരു പരിഗണനയും ലഭിക്കുകയില്ല.

ഏകദൈവവിശ്വാസികളായ ഞങ്ങളും ബഹുദൈവവിശ്വാസികളും അവരവരുടെ വാദത്തിൽ ഉറച്ചു നിൽക്കുകയാ

ണെങ്കിൽ നമ്മിലൊരു കക്ഷി തീർച്ചയായും സന്മാർഗത്തിലും മറുകക്ഷി തെളിഞ്ഞ മാർഗഭ്രംശത്തിലുമാണെന്നുറപ്പാണ്. ആരാണ് സന്മാർഗത്തിലാവുക, ആരാണ് ദുർമാർഗത്തിലാവുക എന്ന് സ്വയം ചിന്തിച്ചു തീരുമാനിക്കുക.

ഇത്തരം പുനരാലോചനക്കൊന്നും തയാറാവാതെ, ഏകദൈവത്തിൽ വിശ്വസിക്കുകയും അവനെമാത്രം ആരാധിക്കുകയും ചെയ്യുന്ന പ്രവാചകനും മുസ്‌ലിംകളും വഴി പിഴച്ച മഹാപാപികളാണ് എന്ന നിലപാടിൽ തന്നെ ബഹുദൈവവിശ്വാസികൾ ഉറച്ചുനിൽക്കുന്നുവെങ്കിൽ അവരോട് പറയുക: നിങ്ങൾക്ക് ഞങ്ങളോട് വിദ്വേഷമൊന്നും വേണ്ട. ഞങ്ങൾ മാർഗഭ്രംശത്തിലാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കു മാത്രമാണ്. അതെപ്പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടുകയില്ല. നിങ്ങളോടു ദേഷ്യപ്പെടേണ്ട കാര്യം ഞങ്ങൾക്കുമില്ല. നിങ്ങളുടെ പ്രവർത്തനങ്ങളിലൊന്നും ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല. അതെപ്പറ്റി ഞങ്ങളും വിചാരണചെയ്യപ്പെടുകയുമില്ല.

وَإِن كَذَّبُوكَ فَقُل لِّي عَمَلِي وَلَكُمْ عَمَلُكُمْ ۖ أَنتُم بَرِيئُونَ مِمَّا أَعْمَلُ وَأَنَا بَرِيءٌ مِّمَّا تَعْمَلُونَ ﴿٤١﴾

(ഇനിയും നിന്നെ തള്ളിപ്പറയുകയാണെങ്കിൽ അവരോടു പറയുക: എനിക്ക് എന്റെ ജോലി, നിങ്ങൾക്ക് നിങ്ങളുടെ ജോലി. ഞാൻ പ്രവർത്തിക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നിങ്ങൾ മുക്തരാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഞാനും മുക്തനാകുന്നു -10:41). ഇതോടൊപ്പം പ്രവാചകൻ ഒരു കാര്യം കൂടി അവരെ ഓർമിപ്പിക്കേണം. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും വിശ്വാസികളും അവിശ്വാസികളും ഉൾപ്പെട്ട നമ്മളെല്ലാവരെയും നമ്മുടെ വിധാതാവ് ഒരുനാൾ പരലോകത്ത് ഒരുമിച്ചുകൂട്ടും. എന്നിട്ട് നമ്മളിൽ ആരായിരുന്നു സത്യത്തിന്റെയും ധർമത്തിന്റെയും കക്ഷികളെന്നും ആരായിരുന്നു അസത്യത്തിന്റെയും അധർമത്തിന്റെയും കക്ഷികളെന്നും അവൻ വിധിപ്രസ്താവിക്കും. അവന്റെ വിധിയെ ചോദ്യം ചെയ്യാനും മറികടക്കാനും ഞങ്ങൾക്കോ നിങ്ങൾക്കോ കഴിയില്ല. കാരണം എല്ലാ കാര്യങ്ങളും അതിസൂക്ഷ്മമായി അറിഞ്ഞ് ശരി തെറ്റുകൾ കൃത്യമായി വിവേചിക്കുന്ന അന്തിമവിധികർത്താവാണല്ലാഹു.

فتح-ൽ നിന്നുള്ള ക്രിയയാണ് يَفْتَحُ. തുറക്കലാണ് فتح-ന്റെ മൗലികമായ അർഥം. വിജയം, വിമോചനം അന്തിമ തീരുമാനം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. إِنَّا فَتَحْنَا لَكَ فَتْحًا مُّبِينًا ﴿١﴾ (നാം നിനക്ക് തെളിഞ്ഞ വിജയമരുളിയിരിക്കുന്നു -48: 1). فتح مكّة വിഗ്രഹാരാധകരിൽനിന്നുള്ള മക്കയുടെ വിമോചനമാണ്. അന്തിമ വിധിയുടെ ദിനം -يَوْمِ الدِّينِ- ആണ് يوم الفتح. ജേതാവിനും വിധികർത്താവിനും فاتِحَ എന്നു പറയും. فَاتِحَ-ന്റെ അത്യുത്തമ വാചിയാണ് فَتَّاحٌ. ഏറ്റവും യോഗ്യനും അത്യുൽകൃഷ്ടനുമായ വിധികർത്താവ്. ആ യോഗ്യതയെയും വൈശിഷ്ട്യത്തെയും സൂചിപ്പിക്കുന്നതാണ് عَلِيمٌ -ഏറ്റം നന്നായി അറിയുന്നവൻ- എന്ന വിശേഷണം. വ്യവഹാര വിഷയങ്ങളെക്കുറിച്ച് സൂക്ഷ്മവും വിശാലവുമായ അറിവ് ഏറ്റം സത്യസന്ധനും നീതിമാനുമായ വിധികർത്താവിന്റെ അനിവാര്യ ഗുണമാകുന്നു.

ഈ താക്കീതുകൊണ്ടും ഉണരുന്നില്ലെങ്കിൽ ഈ ബഹുദൈവവിശ്വാസികളോട് ആവശ്യപ്പെട്ടു നോക്കൂ. ശരി, പ്രപഞ്ച സംവിധാനത്തിൽ അല്ലാഹുവിന്റെ പങ്കാളികളെന്ന് നിങ്ങൾ വാദിക്കുന്ന ആ ബഹുദൈവങ്ങളെ എനിക്കൊന്ന് കാണിച്ചു തരൂ. ആരാണവർ? എന്തൊക്കെയാണ് അവർ സൃഷ്ടിച്ചിട്ടുള്ളത്? أَرُونِي مَاذَا خَلَقَ الَّذِينَ مِن دُونِهِ (അല്ലാഹുവല്ലാത്തവർ സൃഷ്ടിച്ചതെന്താണെന്ന് കാണിച്ചു തരൂ -31:11). അവർ നിങ്ങൾക്കു നൽകിയ വേദപ്രമാണങ്ങളെവിടെ? ധർമശാസനകളെവിടെ? പാരമ്പര്യമായി കിട്ടിയ അന്ധവിശ്വാസങ്ങളാവർത്തിക്കാനല്ലാതെ ഈ ചോദ്യങ്ങൾക്കൊന്നും പ്രാമാണികമോ ബൗദ്ധികമോ ആയ ഒരു മറുപടിയും അവർക്കു പറയാനാവില്ല. അതുകൊണ്ട് ചോദ്യകർത്താവ് തന്നെ മറുപടി പറയുകയാണ്. അല്ലാഹുവിന്റെ പങ്കാളിയെന്നോ സമാനനെന്നോ കരുതാവുന്ന പദവിയുള്ള യാതൊരസ്തിത്വവും പ്രപഞ്ചത്തിൽ ഇല്ല. ഒരിക്കലും ഉണ്ടായിട്ടില്ല. ഇനിയൊരിക്കലും ഉണ്ടാവുകയുമില്ല. ഈ നിഷേധത്തിന്റെ ന്യായമാണ് الْعَزِيزُ الْحَكِيمُ എന്നീ വിശേഷണങ്ങൾ. എല്ലാവിധ സമാനതകൾക്കും ബന്ധുത്വത്തിനും ബഹുത്വത്തിനും അതീതനും അജയ്യശക്തനും സർവാതിശായിയായ പ്രതാപിയുമാണവൻ. തന്റെ പ്രവർത്തനങ്ങളെല്ലാം നിഷ്കൃഷ്ടമായ നീതിയിലും ധർമത്തിലും അധിഷ്ഠിതമായി നിർവഹിക്കുന്ന അപാരമായ യുക്തിജ്ഞാനമുള്ള -حَكِيم- വനുമാണ്. ബഹുദൈവവിശ്വാസത്തിന്റെ രണ്ട് അടിസ്ഥാന തത്വങ്ങളാണ് ഈ വിശേഷണങ്ങളിലൂടെ നിഷേധിക്കപ്പെടുന്നത്. ഈ മഹാപ്രപഞ്ചം കൊണ്ടുനടക്കാൻ ഒരു ദൈവത്തിന് ഒറ്റക്ക് കഴിയില്ല. അവന് ചില ബന്ധുക്കളും സഹായികളും പങ്കാളികളുമൊക്കെ ഉണ്ടായേ തീരൂ എന്നതാണൊന്ന്. പ്രപഞ്ചത്തിലെ എണ്ണിയാലൊടുങ്ങാത്ത ചരാചരങ്ങളുടെ നീതിയും ന്യായവുമായ താൽപര്യങ്ങൾ സൂക്ഷ്മമായറിഞ്ഞ് വിധിക്കാനും ഒരു ദൈവം ഒറ്റക്ക് മതിയാവില്ല; പ്രപഞ്ചഗതി അവനോട് റിപ്പോർട്ട് ചെയ്യാനും അതിന്റെ പ്രവർത്തനക്രമം ആസൂത്രണം ചെയ്യാനുമൊക്കെ സഹപ്രവർത്തകരുണ്ടായിരിക്കണം എന്നതാണ് രണ്ടാമത്തേത്. അല്ലാഹുവിന്റെ കഴിവും താപവും അജയ്യമാണെന്നും ജ്ഞാനം അപാരമാണെന്നും സമ്മതിക്കുമ്പോൾ ബഹുദൈവ വിശ്വാസത്തിന്റെ പ്രസ്തുത രണ്ട് അടിത്തറകളും ദുർബലപ്പെടുന്നു.

ഈ സൂക്തങ്ങൾ അവതരിപ്പിക്കുന്ന സംവാദ ശൈലി സത്യപ്രബോധനത്തിൽ സ്വീകരിക്കേണ്ട യുക്തി ദീക്ഷക്ക് ഒരുത്തമ മാതൃകയാണ്. ആകാശ ഭൂമികളിൽ നിങ്ങൾക്ക് ജീവിതോപാധികളൊരുക്കിത്തരുന്നത് അല്ലാഹു മാത്രമാണെന്ന ഞങ്ങളുടെ വാദം നിങ്ങൾക്ക് നിഷേധിക്കാനാവുന്നില്ല എന്നതുതന്നെ, ഞങ്ങൾ സന്മാർഗികളും നിങ്ങൾ ദുർമാർഗികളുമാണെന്നു തെളിയിച്ചു കഴിഞ്ഞിരിക്കുന്നു എന്നു നബി (സ)ക്ക് പ്രതിയോഗികളോട് പറയാമായിരുന്നു. അങ്ങനെ പറയുന്നത് സത്യവുമാണ്. പക്ഷെ പ്രതിയോഗിയെ പരാജയപ്പെടുത്താൻ ശ്രമിക്കുന്ന താർക്കികനല്ല സത്യപ്രബോധകൻ. പ്രബോധിതനെ സത്യം ഗ്രഹിപ്പിക്കുകയും സന്മാർഗത്തിലേക്കു നയിക്കുകയുമാണ് പ്രബോധനത്തിന്റെ ലക്ഷ്യം. പ്രബോധനം സത്യാന്വേഷണ താൽപര്യത്തോടെ കേൾക്കുകയും നിഷ്പക്ഷമായി ചിന്തിക്കുകയും ചെയ്യുന്നതിലൂടെയാണതു സാധിക്കുക. അതിനവരെ പ്രേരിപ്പിക്കുന്ന രീതിയിലാണ് പ്രബോധകൻ തന്റെ സന്ദേശം അവതരിപ്പിക്കേണ്ടത്. പ്രബോധിതൻ തലമുറകളായി പുലർത്തിപ്പോരുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും ഒറ്റയടിക്ക് തള്ളിപ്പറയുകയും ആക്ഷേപിക്കുകയും ചെയ്യുന്നതു കേട്ടാൽ അവർ പ്രകോപിതരാവുകയാണ് ചെയ്യുക. പ്രവാചക സന്ദേശത്തിന്റെ